www.modelquestionpapers.in

CODE 3010

S.S.L.C. MODEL EXAMINATION–2014

**MALAYALAM—Paper II**

Time: 1½ Hrs. Total Score: 40

---

**പൊതു നിർദ്ദേശങ്ങൾ:**

- ആദ്യത്തെ പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്.
- ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

1. നേരത്തേ നമ്മൾ നടപ്പാക്കിയ പദ്ധതിയും ഇന്നിവിടെ മന്ത്രി ഉദ്ഘാടനം ചെയ്യപ്പെടുന്ന പദ്ധതിയും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്. കേവലം ഊഹാപോഹങ്ങളുടെ മാത്രം അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെടുന്ന ഒരു ആരോപണങ്ങളും നിലനിൽക്കുന്നതല്ല—മുകളിൽ കൊടുത്ത വാക്യങ്ങൾ ഭാഷാപരമായ അഭംഗി പരിഹരിച്ച് (എഡിറ്റ് ചെയ്ത്) എഴുതുക. [2]

2. മലയാളം എന്ന കവിതയിലെ 'ഞങ്ങൾ നേടിയെടുത്ത വാടാത്ത കല്യാണ സൗഗന്ധികം' 'കാതുകളിൽ പൂത്തുനിന്ന സാമ്യമകന്നോരുദ്യാനം' എന്നീ പ്രയോഗങ്ങൾ എന്തിന്റെയൊക്കെ സൂചനകളാണ്? [2]

3. 'പെൺകൊടീ നീ മണിത്തംബുരുവാക്കുമാ
മൺകുടമിന്നാർക്കു വിറ്റു'

'നാഗഫണം വിതിർത്താടിയ പുള്ളുവ-
വീണയിന്നെന്തേ മയങ്ങി'

(കൊച്ചു ദുഃഖങ്ങളുറങ്ങൂ—ഒ.എൻ.വി.)

—കേരളത്തിനു വന്നുചേർന്ന എന്തുതരം മാറ്റത്തെയാണ് ഈ വരികളിലൂടെ ആവിഷ്കരിക്കുന്നത്? [2]

4. 'പറന്നുപോയ് പഞ്ചവർണ്ണ-
ക്കിളിക്കൂട്ടങ്ങൾ പോലവേ
കുന്നിൻ ചെരുവിലോണപ്പൂ-
ക്കുമ്പിളേന്തിയ സന്ധ്യകൾ'

'കസ്തൂരിക്കുറി പൂശുന്ന
വരമ്പിൻ വക്കിലൊക്കെയും
കാൽവെപ്പിനാൽ പൂനിരത്തീ
രമ്യശാരദകന്യക'

—ഋതുക്കളുടെ മാറ്റം നമ്മുടെ പ്രകൃതിയിൽ പ്രത്യക്ഷപ്പെടുന്നത് ഈ വരികളിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു? [2]

5. 'ജീവജാലത്തിൽ ഇന്നതുൽകൃഷ്ടം, ഇന്നതപകൃഷ്ടം എന്നു പരിച്ഛേദിക്കാനാർക്കും അവകാശമില്ല. എല്ലാം ഈശ്വരന്റെ അംശാവതാരങ്ങളാണ്'—വി. ടി.-യുടെ പിതാവിന്റെ ഈ കാഴ്ചപ്പാട് ശ്രദ്ധിച്ചല്ലോ. ഇതിന് ഇന്നത്തെ സമൂഹത്തിലുള്ള പ്രസക്തിയെന്തെന്ന് പരിശോധിക്കുക. [4]

6. 'മകൾ വേർപിരിഞ്ഞതിലുള്ള ദുഃഖം പതിൻമടങ്ങായി വർദ്ധിപ്പിക്കുന്ന രണ്ടു ഘടകങ്ങൾ കവിതയിലുണ്ട്; ദാരിദ്ര്യവും ഏകാന്തതയും'—'തോരാമഴ'യെക്കുറിച്ചുള്ള ഈ നിരീക്ഷണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കവിതയിലെ സൂചനകൾ മുൻനിർത്തി വിശദമാക്കുക. [4]

7. 'വീടില്ലാത്ത ലക്ഷക്കണക്കിനാളുകൾ ഒരു വശത്ത്. താമസിക്കാൻ ആളില്ലാത്ത പടുകൂറ്റൻ വീടുകൾ മറുവശത്ത്. ഇത്തരം വൈരുദ്ധ്യങ്ങളാണ് കേരളത്തിന്റെ ശാപം'—സുഗതകുമാരി.

—ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ 'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥയെ വിശകലനം ചെയ്യുക. [4]

8. 'ഒരൊറ്റത്തെങ്ങു കണ്ടിടത്തിലൊക്കെയും
സ്മരിച്ചു ഞങ്ങളീപ്പിറന്ന നാടിനെ
വെളുത്ത വസ്ത്രമൊന്നുടുത്തു കണ്ടിട-
ത്തലിവോടോർത്തിതീയമലനാടിനെ'

—കേരളീയതയുടെ ചിഹ്നങ്ങളായി അന്ന് വൈലോപ്പിള്ളി വിശേഷിപ്പിച്ചവ ഇന്നും കേരളീയ സംസ്ക്കാരത്തിന്റെ അടയാളമായി നിൽക്കുന്നുണ്ടോ? സ്വാഭിപ്രായം വ്യക്തമാക്കി വിശദീകരിക്കുക. [4]

9. 'വാക്കുകൾ വെറുതെ കോർത്തിട്ട ചരടല്ല ഭാഷ. വാക്കുകൾ കൊണ്ടുള്ള കളികളിലൂടെ, കടങ്കഥകളിലൂടെ, പഴഞ്ചൊല്ലുകളിലൂടെ ഭാഷയുടെ വശീകരണശക്തി ഞങ്ങൾക്ക് ഗ്രഹിക്കാൻ കഴിഞ്ഞു'–ഗൂഗിവാ തിഓംഗോയുടെ വാക്കുകൾ ശ്രദ്ധിച്ചല്ലോ. മലയാള ഭാഷയിലുമുണ്ടല്ലോ വശീകരണശക്തിയുള്ള കടങ്കഥകളും പഴഞ്ചൊല്ലുകളും. അവയിൽ നിന്ന് ഒരു കടങ്കഥയും ഒരു പഴഞ്ചൊല്ലും എഴുതി സൗന്ദര്യതലം വിശദമാക്കുക. [4]

10. 'ശ്രേഷ്ഠഭാഷാ പദവിയും മലയാളത്തിന്റെ ഭാവിയും' എന്ന വിഷയത്തിൽ കേരളപ്പിറവി നാൾ സ്കൂളിൽ നടത്താനുള്ള ഒരു പ്രഭാഷണം തയ്യാറാക്കുക. എന്റെ ഭാഷ, മലയാളം, വാക്കിന്റെ കൂടെരിയുന്നു എന്നീ പാഠഭാഗങ്ങളിലെ ആശയങ്ങൾ പ്രയോജനപ്പെടുത്താം. [6]

11. പലതും മറച്ചുവെച്ചുകൊണ്ട് നജീബ് ഭാര്യക്കെഴുതിയ കത്ത് ശ്രദ്ധിച്ചല്ലോ. തന്റെ യഥാർത്ഥ അവസ്ഥ വെളിപ്പെടുത്തിയും രക്ഷിക്കാനപേക്ഷിച്ചും ഇന്ത്യൻ പ്രവാസകാര്യമന്ത്രിക്ക് നജീബ് എഴുതുന്ന കത്ത് തയ്യാറാക്കുക. [6]